# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1554

21.01.2014 - ൽ മറുപടി
നല്കേണ്ടിയിരുന്നത്

## വർക്കല സെന്റർ ഫോർ പെർഫോർമിംഗ് ആർട്സിന് കേന്ദ്രസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) വർക്കല സെന്റർ ഫോർ പെർഫോർമിംഗ് ആർട്സിന് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) ഉണ്ട്. സെന്റർ ഫോർ പെർഫോർമിംഗ് ആർട്സ് എന്ന പ്രോജക്ടിനായി പത്തു കോടി രൂപ അനുവദിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നല്കിയി ട്ടുണ്ട്. |
| (ബി) ആയതിനായി രൂപീകരിക്കപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സ്പെഷ്യൽ ആഫീസർ, ബ്രോഷർ പ്രിന്റ് ചെയ്തിട്ടുണ്ടോ; ബ്രോഷറിന്റെ പകർപ്പ് ലഭ്യമാക്കാമോ ; ഇതിനായി മൊത്തം എന്ത് തുക ചെലവ് വരികയുണ്ടായി ; പ്രിന്റ് ചെയ്ത കോപ്പികൾ എത്ര ; വ്യക്തമാക്കാമോ ; | (ബി) ബ്രോഷർ പ്രിന്റ് ചെയ്തിട്ടില്ല. |
| (സി) കേന്ദ്ര സഹായത്തിനായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ; | (സി) സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന സമർപ്പിച്ച സെന്റർ ഫോർ പെർഫോർമിംഗ് ആർട്സിന്റെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. |
| (ഡി) എസ്.പി.വി യ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ എന്ത് തുക ഇതിനകം നല്കുകയുണ്ടായി ; ഏതെല്ലാം ആവശ്യങ്ങൾക്ക് ; എന്തു തുക വിനിയോഗിക്കപ്പെട്ടു ; വ്യക്തമാക്കാമോ ? | (ഡി) എസ്.പി.വി യ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ നാളിതുവരെ 300 ലക്ഷം രൂപ നല്കിയിട്ടുണ്ട്. പ്രസ്തുത തുക താഴെ പറയുന്ന പരിപാടികൾക്കായി വിനിയോഗിച്ചു വരുന്നു.<br>1. ഓഫീസ് സജ്ജീകരിക്കൽ.<br>2. വർക്കലയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.<br>3. ഖരമാലിന്യ സംസ്കരണം.<br>4. ഓഫീസ കെട്ടിട നിർമ്മാണം.<br>5. സെന്റർ ഫോർ പെർഫോർമിംഗ് ആർട്സിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ.<br>6. ജീവനക്കാരുടെ ശമ്പളം<br>7. ഓഫീസിന്റെ മറ്റു ചെലവുകൾ. |

സെന്റർ ഫോർ പെർഫോർമിംഗ് ആർട്സ് എന്ന പ്രോജക്ടിനായി അനുമതി നല്കിയ പത്തുകോടി രൂപയിൽ നാലുകോടി രൂപ സർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ദശയിലാണ്.

**സെക്ഷൻ ഓഫീസർ**